DESPATCHED
On..23/11/21...

2/11/2021

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 385(6)/2021 *എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.3067/*എസ്.ഐ.സി–ജി 5/2021*)**

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. ഇ.കെ. സുധീർ,**
**എടതിരിഞ്ഞി വീട്,**
**പാഴായി. പി.ഒ,**
**തൃശ്ശൂർ – 680 301.** } **അപ്പീൽ ഹർജിക്കാരൻ**

**Vs.**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ്, വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്, ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം – 695 014.**
2. **അപ്പീൽ അധികാരി & അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്), പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ്, വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്, ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം – 695 014**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 03/10/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 21/10/2020, 03/11/2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 18/11/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 27/01/2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 26/02/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 01/03/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 15/04/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 26/04/2021 |
| ഹിയറിംഗ് തീയതി & ആസ്ഥാനം | 22/10/2021<br>തൃശ്ശൂർ ഗസ്റ്റ് ഹൗസ് |
| ഹിയറിംഗിലെ സാന്നിധ്യം:<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ഇ.കെ. സുധീർ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ രണ്ടാം എതിർകക്ഷിക്ക് ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും ടി അപ്പീലപേക്ഷയിലാണ് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമായതെന്നും ആയതിന് അപ്പീലധികാരി ടിയാനിൽ നിന്നും പകർപ്പ് ഫീസ് ഈടാക്കിയെന്നും ടി ഫീസ് തിരിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും കൂടാതെ ടിയാന് ലഭ്യമാക്കിയ റിപ്പോർട്ടിലെ പല പേജുകളും അവ്യക്തമാണെന്നും ആയതിനാൽ വ്യക്തമായ പകർപ്പുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 03.10.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, 10.12.2019 മുതൽ 03.10.2020 വരെയുള്ള കാലയളവിൽ വനം വകുപ്പ് വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസിന്റെ VE 10-17827/18, VE 10-28505/18 എന്നീ ഫയലുകളിലെ അന്വേഷണം പൂർത്തീകരിച്ചെങ്കിൽ ആയതിന്റെ അവസാന അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പും, പൂർത്തീകരിച്ചിട്ടില്ലെങ്കിൽ ഇപ്പോൾ അന്വേഷിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും ഓഫീസ് വിലാസവും നൽകുന്നതിനാണ്.

3. ഹർജിക്കാരന്റെ 03.10.2020 തീയതിയിലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 21.10.2020, 03.11.2020 എന്നീ തീയതികളിൽ മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൻ 18.11.2020 ൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ടി അപ്പീലിന് 27.01.2021 ൽ മറുപടി നൽകിയിട്ടുള്ളതുമാണ്.

4. രണ്ടാം എതിർകക്ഷി 23.04.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളുടെ രേഖകൾക്ക് വിവരാവകാശ നിയമപ്രകാരമുള്ള ഫീസ് ഒടുക്കി ചെല്ലാൻ ഹാജരാക്കുവാൻ അറിയിച്ചുകൊണ്ട് 21.10.2020 ൽ ടിയാനെ അറിയിച്ചിരു

ന്നുവെന്നും ആയത് പ്രകാരം ടിയാൻ ഫീസ് ഒടുക്കിയതനുസരിച്ച് ആവശ്യപ്പെട്ട രേഖകൾ 03.11.2020 ന് ഹർജിക്കാരന് നൽകിയിട്ടുള്ളതാണെന്നും എന്നാൽ ടിയാന് നൽകിയ പകർപ്പുകൾ എസ്.പി.ഐ.ഒ സാക്ഷ്യപ്പെടുത്തിയില്ലെന്നും കൂടാതെ ടിയാന് ലഭിച്ച രേഖകൾ ടിയാൻ ഉദ്ദേശിച്ചവയല്ലെന്നും ടിയാൻ ഉദ്ദേശിച്ചത് എ.പി.സി.സി.എഫ് (നോർത്തേൺ റീജിയന്റെ) റിമാർക്ക്സിൽ പരാമർശിച്ചിട്ടുള്ള കോഴിക്കോട് ഫ്ളയിംഗ് സ്ക്വാഡിന്റെ റിപ്പോർട്ടാണ് എന്നാരോപിച്ച്, പ്രസ്തുത ഫയലുകളിൽ അന്വേഷണ ഏജൻസി സമർപ്പിച്ച ടിയാൻ കൈപ്പറ്റാത്ത റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ടാണ് ടിയാൻ അപ്പീൽ സമർപ്പിച്ചതെന്നും ടിയാന്റെ ആരോപണങ്ങളിൽ ഒന്നാമത്തെ ആരോപണം ശരിയാണെന്നു കണ്ട് എസ്.പി.ഐ.ഒ സാക്ഷ്യപ്പെടുത്തിയ റിപ്പോർട്ടുകളുടെ പകർപ്പ് ഫീസ് ഈടാക്കാതെ ടിയാന് 14.12.2020 ൽ നൽകിയിട്ടുള്ളതാണെന്നും, രണ്ടാമത്തെ ആരോപണത്തിൽ പരാമർശിച്ചിരിക്കുന്ന വിവരമല്ല ടിയാൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നതെന്നും അത്തരത്തിൽ വ്യക്തമായി ഏതു രേഖയാണ് എന്ന് ആവശ്യപ്പെടാതെ ലഭ്യമായ രേഖ ടിയാൻ ഉദ്ദേശിച്ചതല്ല എന്ന് പറയുന്നത് അംഗീകരിക്കാനാവുന്നതല്ലെന്നും ടിയാൻ അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്നത് വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെടാത്ത പുതിയ വിവരങ്ങളായതിനാൽ ആയത് അപ്പീലിന്റെ പരിധിയിൽ വരില്ലാത്തതുകൊണ്ടാണ് രേഖകൾ കൈപ്പറ്റുന്നതിന് നിയമാനുസൃത ഫീസ് അടക്കുന്നതിന് നിർദ്ദേശം നൽകിയതെന്നും ആയിന് ടിയാൻ 128/- രൂപയുടെ ചെല്ലാൻ ഹാജരാക്കിയ മുറയ്ക്ക് 27.01.2021 ൽ ടിയാൻ ആവശ്യപ്പെട്ട രേഖകൾ അയച്ചു നൽകിയെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും രണ്ടാം എതിർകക്ഷി 23.04.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചതിലും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയതായി കാണുന്നു. 22.10.2021 ൽ തൃശ്ശൂർ ഗവ: ഗസ്റ്റ് ഹൗസിൽ (രാമനിലയം) വച്ചു കമ്മീഷൻ നടത്തിയ ഹിയറിംഗിൽ ഇരു കക്ഷികളും ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. അപ്പീൽ അപേക്ഷയ്ക്ക് ഫീസ് ഈടാക്കുവാൻ പാടില്ലാത്തതാണ്. എന്നാൽ ഇവിടെ ഒന്നാം എതിർകക്ഷി അപ്പീൽ ഹർജികക്ഷിയുടെ അപേക്ഷയ്ക്ക് സമയബന്ധിതമായി തന്നെ മറുപടി നൽകിയിട്ടുണ്ട്. വിവരാവകാശ അപേക്ഷയിൽ നൽകിയിട്ടുള്ള ചോദ്യമല്ല അപ്പീലപേക്ഷയിൽ ഉള്ളത് എന്ന

എതിർകക്ഷിയുടെ 23.04.2021 ലെ റിപ്പോർട്ടിലും ഹിയറിംഗിൽ നൽകിയിട്ടുള്ള മൊഴിയിലും പറഞ്ഞിട്ടുള്ളത് ശരിയാണ് എന്നു കാണുന്നു. അപ്പീലപേക്ഷ വ്യക്തതയോടു കൂടി ഉള്ളതും വിവരാവകാശ അപേക്ഷയിൽ നിന്ന് വ്യത്യസ്ഥമായതുമാണ് എന്നു കാണുന്നു. പുതിയ വിവരങ്ങൾ ആയതിനാൽ ആയത് അപ്പീലിന്റെ പരിധിയിൽ പെടുന്നില്ല എന്ന അപ്പലേറ്റ് അതോറിറ്റിയുടെ തീർപ്പ് തെറ്റല്ല. പുതിയ അപേക്ഷയായി പരിഗണിച്ചതായതിനാൽ ഫീസ് ഈടാക്കിയത് തെറ്റായ നടപടി അല്ല. റിപ്പോർട്ടുകൾ എസ്.പി.ഐ.ഒ സാക്ഷ്യപ്പെടുത്തിയും എസ്.പി.ഐ.ഒ യുടെ പേരും ഫോൺ നമ്പറും രേഖപ്പെടുത്താതിരുന്നതും ഓഫീസ് സീൽ പതിപ്പിക്കാതിരുന്നതും വിവരാവകാശ നിയമപ്രകാരം ഗുരുതരമായ തെറ്റാണ്. അശ്രദ്ധമായും യാതൊരു വിധമായ ജാഗ്രതയുമില്ലാതെ മറുപടി തയ്യാറാക്കി അയച്ച ഒന്നാം എതിർകക്ഷിയുടെ പ്രവൃത്തി മേലിൽ ആവർത്തിക്കുവാൻ പാടില്ല എന്ന് കമ്മീഷൻ ശക്തമായി താക്കീതു ചെയ്യുന്നു. വിവരങ്ങളും പകർപ്പുകളും വിവരാവകാശ നിയമപ്രകാരം അറ്റസ്റ്റ് ചെയ്ത് ഓഫീസ് സീൽ പതിപ്പിച്ച് എതിർകക്ഷി ഒപ്പു വച്ച് ടിയാന്റെ പേരും ഫോൺ നമ്പറും ചേർത്ത് വ്യക്തമായും വായിക്കാൻ കഴിയുന്ന തരത്തിലും എല്ലാ മറുപടികളും ഈ ഉത്തരവ് ലഭിച്ച് 7 ദിവസത്തിനകം രജിസ്റ്റേർഡ് പോസ്റ്റ് വഴി ഹർജികക്ഷിക്കു നൽകേണ്ടതാണ് എന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2021 നവംബർ മാസം 2-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm